# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1837

08.06.2018-ൽ മറുപടിക്ക്

## വെള്ളയിൽ, താനൂർ, അർത്തുങ്കൽ, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കേന്ദ്രസഹായത്തോടു കൂടി നടപ്പിലാക്കാൻ നിശ്ചയിച്ചിരുന്ന വെള്ളയിൽ, താനൂർ, അർത്തുങ്കൽ, മഞ്ചേശ്വരം എന്നീ നാല് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | കേന്ദ്രസഹായ പദ്ധതികളായ വെള്ളയിൽ ഫിഷിംഗ് ഹാർബർ 90% വും താനൂർ ഫിഷിംഗ് ഹാർബർ 86%വും അർത്തുങ്കൽ ഫിഷിംഗ് ഹാർബർ 30%വും പൂർത്തീകരിച്ചു. പ്രസ്തുത ഫിഷറി ഹാർബറുകളുടെ പുതുക്കിയ എസ്റ്റിമേറ്റിന് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കാത്തതിനാൽ ശേഷിക്കുന്ന ഘടകങ്ങൾ പൂർത്തിയാക്കുന്നതിന് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന് 61 കോടി രൂപയും താനൂർ ഫിഷിംഗ് ഹാർബറിന് 36 കോടി രൂപയും വെള്ളയിൽ ഫിഷിംഗ് ഹാർബറിന് 22 കോടി രൂപയും 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി അർത്തുങ്കൽ, താനൂർ എന്നീ ഫിഷിംഗ് ഹാർബറുകൾക്ക് 15 കോടി രൂപയുടെയും വെള്ളയിൽ ഫിഷിംഗ് ഹാർബറിന് 15.30 കോടി രൂപയുടെയും പ്രൊപ്പോസലുകൾ പരിശോധിച്ചു വരുന്നു. നബാർഡിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ 80% പൂർത്തീകരിച്ചു. പ്രവൃത്തി നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. 2018 ഡിസംബറോടു കൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഇതിനായി എത്ര ഫണ്ടാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളതെന്നും അതിലെത്ര ചെലവാക്കിയെന്നും അറിയിക്കാമോ; | (ബി) | (താഴെ പട്ടിക കാണുക) |

| പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | അർഹമായ കേന്ദ്ര വിഹിതം (ലക്ഷത്തിൽ) | കേന്ദ്രത്തിൽ നിന്നും ലഭ്യമായ തുക (ലക്ഷത്തിൽ) | കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള തുക (ലക്ഷത്തിൽ) | ആകെ ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| അർത്തുങ്കൽ | 4939 | 3704.25 | 1050 | 2654.25 | 2316.64 |
| താനൂർ | 4487 | 3365.25 | 1550 | 1815.25 | 5764.57 |
| വെള്ളയിൽ | 3930.20 | 2947.65 | 1250 | 1697.65 | 4134.93 |
| മഞ്ചേശ്വരം | 4880 | 3660 | 100 | 3560 | 3902.60 |

| | | | |
|---|---|---|---|
| | | | ടി നാലു ഫിഷിംഗ് ഹാർബറുകളുടെയും ലഭ്യമായ കേന്ദ്ര ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. |
| (സി) | ഫണ്ട് ലഭ്യതയിൽ കറവു വന്നിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (സി) | 97.27 കോടി രൂപയാണ് ഈ നാല് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രവിഹിതമായി ലഭിക്കുവാനുള്ളത്. എന്നാൽ കഴിഞ്ഞ 2 വർഷമായി ഈ പദ്ധതികൾക്ക് കേന്ദ്രവിഹിതം ഒന്നുംതന്നെ ലഭിച്ചിട്ടില്ല. |
| (ഡി) | ഈ തുറമുഖങ്ങൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) | അർത്തുങ്കൽ ഫിഷിംഗ് ഹാർബർ 2021 ഓടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. താനൂർ, വെള്ളയിൽ ഫിഷിംഗ് ഹാർബറുകൾ 2019 ലും മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ 2018 ഡിസംബറോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ